കാസർഗോഡ് ജില്ലയിൽ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി

142 [1121] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വെസ്റ്റ് എളേരി പഞ്ചായത്തിലെ വരക്കാട് പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുമതി നല്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ വെസ്റ്റ് എളേരി പഞ്ചായത്തിൽ വരക്കാട് എന്ന സ്ഥലത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രീ മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ശ്രീ. പി. കെ. രാജൻ നായർ, വള്ളിയോട് ഹൗസ്, പി. ഒ., വരക്കാട്, കാസർഗോഡ് ജില്ല എന്ന വ്യക്തി നൽകാമെന്ന് സമ്മതിച്ചിട്ടുള്ള 50 സെന്റ് സ്ഥലം വകുപ്പ് ഏറ്റെടുത്ത് പി. ഡബ്ല്യു. ഡി.-ക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമായാലുടൻ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കട്ടേല റസിഡൻഷ്യൽ സ്കൂളിലേയും പരിസരത്തേയും ജലദൗർലഭ്യം

143 [1122] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ വടക്ക് പടിഞ്ഞാറൻ അതിർത്തിയിലുള്ള കട്ടേലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിച്ചു പഠിച്ചുവരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ ജലദൗർലഭ്യം പതിവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റസിഡൻഷ്യൽ സ്കൂൾ പരിസരത്തേയും അംബേദ്കർ പട്ടികജാതി കോളനിയിലേയും ജലദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂളിലേയും പട്ടികജാതി കോളനിയിലേയും ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ജലവിഭവ വകുപ്പുമായി സഹകരിച്ച് ഒരു ദീർഘകാല പദ്ധതിയ്ക്ക് രൂപം നല്കുമോ;

(ഇ) ഇതിനുവേണ്ടി ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly